(ബി) ഇതുവരെ ഏതൊക്കെ ദേശീയ ജലപാതകൾ യാത്രായോഗ്യമാക്കി പ്രവർത്തനമാരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരം ദേശീയ ജലപാതകളിൽ എവിടെയൊക്കെ ബോട്ട് ടെർമിനലുകൾ നിർമ്മിക്കാൻ കഴിഞ്ഞു ;

(ഡി) ഇതിനായി എന്തൊക്കെ കേന്ദ്ര സഹായങ്ങളാണ് ലഭിച്ചത് ?

ഉത്തരം

(എ) ദേശീയ ജലപാത 3-ന്റെ (കൊല്ലം മുതൽ കോട്ടപ്പുറം വരെ) വികസന പ്രവൃത്തികൾ നടപ്പിലാക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

(ബി) കോട്ടപ്പുറം മുതൽ ആലപ്പുഴ വരെയുള്ള പാത ഇപ്പോൾ ഗതാഗത യോഗ്യമാണ്. ആലപ്പുഴ മുതൽ കൊല്ലം വരെയുള്ള പാതയിൽ മുല്ലയ്ക്കൽ, തകഴി, ചെറുതന, തോട്ടപ്പള്ളി, ആലപ്പാട്, ചവറ, പൻമന, നീണ്ടകര എന്നീ ഭാഗങ്ങളിലായി 12 കി.മീ. ഭാഗത്തെ ആഴം കൂട്ടൽ പൂർണ്ണമായും തീർന്നിട്ടില്ല.

(സി) ജലപാതയിൽ 7 കാർഗോ ടെർമിനലുകൾ നിർമ്മിച്ചിട്ടുണ്ട്. ഇവ കോട്ടപ്പുറം, ആലുവ-പാതാളം, മരട്, വൈക്കം, തണ്ണീർമുക്കം, തൃക്കുന്നപ്പുഴ, കായംകുളം-ആയിരംതെങ്ങ് എന്നിവിടങ്ങളിലാണ്.

(ഡി) 12-ാം ധനകാര്യ കമ്മീഷന്റെ സഹായമാണ് ലഭിച്ചത്.

കൊച്ചിയിലെ നിർദ്ദിഷ്ട മെട്രോ റെയിൽ പദ്ധതി

43 (2520) ശ്രീ. എം. എ. വാഹീദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ നിർദ്ദിഷ്ട മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് പുതുതായി എന്തൊക്കെ നിർദ്ദേശങ്ങളാണ് കേന്ദ്ര ആസൂത്രണ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ളത് ;

(ബി) ഇത് സംബന്ധിച്ച് അവസാനമായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് എന്തൊക്കെ വിവരങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ ;

(സി) കൊച്ചി മെട്രോ പദ്ധതി ഡൽഹി മാതൃകയിൽ കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തിൽ തന്നെ നടപ്പാക്കണമെന്ന ആവശ്യം വീണ്ടും കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അന്തിമ തീരുമാനം അറിയിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് പുതുതായി ഒരു നിർദ്ദേശവും കേന്ദ്ര ആസൂത്രണ കമ്മീഷൻ ഔദ്യോഗികമായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല.

(ബി) കേന്ദ്ര ആസൂത്രണ കമ്മീഷൻ ചില ഉപാധികളോടെ കൊച്ചി മെട്രോ റെയിൽ പദ്ധതിയെ പിന്തുണച്ചിട്ടുണ്ടെന്നാണ് അവസാനമായി കേന്ദ്ര സർക്കാർ അറിയിച്ചത്.

(സി) ഉണ്ട്. ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു.

(ഡി) ഇല്ല.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ എമിഗ്രേഷൻ പരിശോധന ഇന്റലിജൻസ് ബ്യൂറോ ഏറ്റെടുക്കാൻ തീരുമാനം

44 (2522) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ എമിഗ്രേഷൻ പരിശോധന ഇന്റലിജൻസ് ബ്യൂറോ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) നിലവിൽ തിരുവനന്തപുരം വിമാനത്താവളത്തിൽ എമിഗ്രേഷൻ പരിശോധന നടത്തി വരുന്നത് ഏതു വിഭാഗമാണ് ;

(സി) പ്രസ്തുത വിഭാഗത്തെക്കുറിച്ച് എന്തെങ്കിലും പരാതികൾ നിലവിലുണ്ടോ ; എങ്കിൽ ആർക്കെങ്കിലുമെതിരെ ഇതിനകം ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) കേരളത്തിൽ ഇപ്പോൾ ഏതെങ്കിലും വിമാനത്താവളത്തിൽ ഐ. ബി. എമിഗ്രേഷൻ പരിശോധന നടത്തിവരുന്നുണ്ടോ ; എങ്കിൽ എവിടെയൊക്കെ ;

(ഇ) ഇല്ലെങ്കിൽ തിരുവനന്തപുരത്തോടൊപ്പം മറ്റേതെങ്കിലും വിമാനത്താവളത്തിലും എമിഗ്രേഷൻ പരിശോധന ഐ.ബി. ഏറ്റെടുക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ വിമാനത്താവളത്തിലാണ് ഏറ്റെടുക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ എമിഗ്രേഷൻ വിഭാഗം 1-7-2011 മുതൽ ബ്യൂറോ ഓഫ് ഇമിഗ്രേഷൻ ഏറ്റെടുക്കുന്നത് സംബന്ധിച്ച ശിപാർശയടങ്ങിയ ഒരു കത്ത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന പോലീസ്.

LIBRARY ARCHIVES Kerala Legislative Assembly